വെള്ളം, ലൈസൻസ് മുതലായവ) ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് കാരുണ്യ ഫാർമസി ഇവിടെ പ്രവർത്തിക്കുന്നതാണ്. സംസ്ഥാന സർക്കാരിന്റെ മിഷൻ 676 പരിപാടിയിൽ 200 ദിവസത്തിനകം ഉദ്ഘാടനത്തിനായി തയ്യാറാക്കിയിട്ടുള്ള പത്ത് കാരുണ്യ ഫാർമസികളിൽ ഒന്ന് കരുനാഗപ്പള്ളി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയാണ്.

ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ ചടയമംഗലം നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ

4½ (8102) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചടയമംഗലം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വികസനത്തിനുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചടയമംഗലം നിയോജക മണ്ഡലത്തിലെ കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. 22-2-2013 മുതൽ പാലിയേറ്റീവ് കെയർ പ്രവർത്തനമാരംഭിച്ചു
2. 20-2-2013 മുതൽ പേ വാർഡ് ബ്ലോക്ക് പ്രവർത്തനമാരംഭിച്ചു
3. 5-10-2013 മുതൽ കാഷ്വാലിറ്റി ബ്ലോക്ക് പ്രവർത്തനമാരംഭിച്ചു
4. എക്സ്-റേ യൂണിറ്റ്, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് എന്നിവ ആരംഭിച്ചു
5. എം. പി. ഫണ്ടിൽ നിന്നും ഇരുപത് ലക്ഷം രൂപ ചെലവഴിച്ച് വാട്ടർ ടാങ്ക് സ്ഥാപിച്ചു
6. എൻ.ബി.എസ്.യു. സ്ഥാപിച്ചു.
7. കെ. എം. എസ്. സി. എൽ.-ൽ നിന്നും എം. പി. ഫണ്ടിൽ നിന്നും ഓരോ ആംബുലൻസുകൾ വീതം അനുവദിച്ചു

കൂടാതെ, മാങ്കോട് ചിതറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലാബ് നിർമ്മാണം പൂർത്തീകരിക്കുകയും ഒ. പി. കൗണ്ടർ കമ്പ്യൂട്ടർവൽക്കരിക്കുകയും രോഗികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ടോയ്‌ലെറ്റ് സംവിധാനം ഏർപ്പെടുത്തുകയും ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള സംഭരണി എന്നീ സംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പൂറമെ ചടയമംഗലം നിയോജകമണ്ഡലത്തിലെ ആശുപത്രികളിൽ പ്രതിരോധ കുത്തിവയ്പ്പും രോഗനിർണ്ണയ ക്യാമ്പുകൾ, ക്യാൻസർ കെയർ പ്രോഗ്രാം, പാലിയേറ്റീവ് കെയർ എന്നിവ നടത്തിവരുന്നു.

ഇറവൂർ താലൂക്കാശുപത്രിയുടെ പുതിയ ഐ. പി. ബ്ലോക്ക്

43 (8103) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അരൂർ മണ്ഡലത്തിലെ ഇറവൂർ ആശുപത്രിയുടെ പുതിയ ഐ. പി. ബ്ലോക്കിന് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിരിക്കുന്നത് ; ഈ പ്രവൃത്തി എന്നേയ്ക്ക് പൂർത്തിയാകും ;

(ബി) ഇറവൂർ താലൂക്ക് ആശുപത്രിയുടെ നവീകരണത്തിനായി എൻ.ആർ.എച്ച്.എം. ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രരൂപ അനുവദിച്ചു ; ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 6-7-2010-ലെ ജി.ഒ.(ആർ‌റ്റി.) നമ്പർ 1104/2010/പൊ.മ.വ. എന്ന ഉത്തരവ് പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. ഗ്രൗണ്ട് ഫ്ലോറിന്റെ കോൺക്രീറ്റ് വരെയുള്ള നിർമ്മാണം ഇതുവരെ പൂർത്തിയായിട്ടുണ്ട്.

(ബി) ഇറവൂർ താലൂക്കാശുപത്രിയുടെ നവീകരണത്തിനായി എൻ.ആർ.എച്ച്എം. ഫണ്ട് അനുവദിച്ചിട്ടില്ല.

ഞാറയ്ക്കൽ സർക്കാർ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി

44 (8104) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് 5 കോടി രൂപയ്ക്ക് ഞാറയ്ക്കൽ സർക്കാർ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി സർക്കാരിന് മുന്നിൽ എത്തിയിട്ട് എത്ര നാളായിയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly